ശ്രീ. ടി. കെ. ദിവാകരൻ: സെൻട്രൽഗവണ്മെൻറിൽനിന്ന അങ്ങനെ നിർദ്ദേശമുണ്ടായിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്.

ഇരുമ്പും, ഉരുക്കും സ്റ്റാക്കുചെയ്യുന്ന സ്റ്റാക്കിസ്റ്റുകൾ.

*399. [27] ശ്രീ. ടി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ഈ സംസ്ഥാനത്തു് ഇരുമ്പും, ഉരുക്കും സ്റ്റാക്കുചെയ്യുന്നവൻകിട സ്റ്റാക്കിസ്റ്റുകളില്ലാത്തതുമൂലം ചില വ്യവസായികൾക്കും നേരിട്ടിട്ടുള്ള ബുദ്ധിമുട്ടുകൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവണ്മെൻറ് എന്തു നടപടി എടുത്തു ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇരുമ്പും ഉരുക്കും കിട്ടാത്തതുകൊണ്ടു ബുദ്ധിമുട്ടുണ്ടായിട്ടുണ്ടു്. പക്ഷെ അതു സ്റ്റാക്കിസ്റ്റുകൾ ഇല്ലാത്തതുകൊണ്ടാണെന്നു തോന്നുന്നില്ല.

(ബി) ആവശ്യമുള്ളിടത്തോളം സ്റ്റാക്കു തരുന്നതിനുവേണ്ടി ആവത്തിച്ചുവത്തിച്ചു ഇൻഡ്യാഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ: രജിസ്റ്റർചെയ്തിട്ടുള്ള സ്റ്റാക്കിസ്റ്റുകൾ എത്രപേർ ഉണ്ടു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസുവേണം. ഈ ചോദ്യത്തിൻെറ വെളിച്ചത്തിൽ വേണ്ടുവോളമുള്ള സ്റ്റാക്കിസ്റ്റുകൾ ഇല്ലാത്തതുകൊണ്ടാണു ഇതിനു ബുദ്ധിമുട്ടുണ്ടായതു് എന്നുണ്ടെങ്കിൽ അതിനെപ്പറ്റി ആലോചിക്കാം.

സ്ഥിരപ്പെടുത്താത്ത അദ്ധ്യാപകന്മാർ.

*400. [28] ശ്രീ കെ. പി. ഹോർമിസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷിഫ്റ്റുസമ്പ്രദായം ആദ്യമായി ആരംഭിച്ചപ്പോൾ തൊഴിൽരഹിതരായ എത്താനും ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാരെ ഗവണ്മെൻറ് സർവീസിലേക്കു് നിയമിക്കുകയുണ്ടായോ;

(ബി) അപ്രകാരം നിയമിച്ചവരിൽ ഇതുവരെയും സ്ഥിരപ്പെടുത്താത്ത അദ്ധ്യാപകന്മാർ ഉണ്ടോ;

(സി) ഉണ്ടെങ്കിൽ എത്രപേർ; സ്ഥിരപ്പെടുത്താത്തതിൻെറ കാരണം എന്തു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഷിഫ്റ്റുസംപ്രദായം ആദ്യമായി ആരംഭിച്ചപ്പോൾ തൊഴിൽരഹിതരായ എത്താനും ഗ്രാൻറുസ്കൂൾ അദ്ധ്യാപകന്മാരെ ഗവണ്മെൻറ സർവീസിൽ നിയമിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly